# St. George Universal Syrian Orthodox Reesh Church (Valiya pally), Kuwait

(Under the Holy Apostolic See of Antioch and all the East)



## October 2025

Vicar Rev. Fr. Stephen Neduvakkattu

Contact: Vicar - Mob: 9418 1100
Secretary - 60333980, Trustee - 97182474
E-mail: info@stgeorgesyriankuwait.com
www.stgeorgesyriankuwait.com, sgusorckuwait

# സന്ദേശം

## മദ്ധ്യസ്ഥ പ്രാർത്ഥനയും പരി: സുറിയാനിസഭയും

സുറിയാനിസഭയുടെ വിശ്വാസജീവിതത്തെ ബലപ്പെടുത്തുന്ന ഉൽപ്രേരകമാണ് (Catalyst) മദ്ധ്യസ്ഥ പ്രാർത്ഥന. സഭാജീവിതത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനക്ക് ഏറെ പ്രാധാന്യമുണ്ട്. എന്നാൽ പലപ്പോഴും വിമർശനങ്ങളും തെറ്റായ പഠിപ്പിക്കലുകളും സഭയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ അന്തസത്തയെ ഉടച്ചുകളയുന്നു. വിശുദ്ധ വേദപുസ്തകത്തിനും, സഭയുടെ സത്യവിശ്വാസത്തിനും, ഉദ്ദേശ്യശുദ്ധിക്കും വിപരീതമായി ഇന്ന് മദ്ധ്യസ്ഥ പ്രാർത്ഥനകൾ മാറുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. മദ്ധ്യസ്ഥപ്രാർത്ഥനയെ കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും അറിയുവാനുള്ള ഇടവക ജനങ്ങളുടെ താല്പര്യമാണ് ഈ ലേഖനം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

മദ്ധ്യസ്ഥത : രണ്ടാളുകൾ തമ്മിലുള്ള പ്രവർത്തനങ്ങൾക്ക് ഇടനിലക്കാരനാവുക, ഒരാൾ മറ്റേ ആളിനുവേണ്ടി വാദിക്കുക /അപേക്ഷിക്കുക, ഇങ്ങനെ ചെയ്യുന്നതിനെ മദ്ധ്യസ്ഥത വഹിക്കുക എന്നും ഇപ്രകാരം ചെയ്യുന്നവനെ മദ്ധ്യസ്ഥൻ എന്നും പറയുന്നു. ഒരാൾ മറെറാരാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ് മദ്ധ്യസ്ഥ പ്രാർത്ഥന.

സുറിയാനിസഭയെ സംബന്ധിച്ചിടത്തോളം ദൈവം ഒരുവനല്ലാതെ പരിശുദ്ധൻ ഇല്ല. പിതാവും പുത്രനും പരി. റൂഹായും ആയ ത്രിയേക ദൈവമല്ലാതെ മറെറാരു ദൈവവും ഇല്ല. ആരാധനക്കു യോഗ്യൻ ദൈവം മാത്രമാണ്. ത്രിത്വസ്തുതി സഭയുടെ എല്ലാ പ്രാർത്ഥനകളുടെയും ആരംഭത്തിലും അവസാനത്തിലും ഉൾപ്പെടുന്നു. പരിശുദ്ധസഭ ദൈവത്തെ മാത്രമാണ് ആരാധിക്കുന്നത്. അതോടൊപ്പം മറ്റു വിശുദ്ധന്മാരും ശുദ്ധിമതികളും പുകഴ്ച്ചയ്ക്ക് യോഗ്യത ഉള്ളവരാണ് എന്നു പഠിപ്പിക്കുന്നു.

ദൈവമാതാവ്. വിശുദ്ധന്മാർ (Saints), നിബിയന്മാർ (Prophets), ശ്ലീഹന്മാർ (Apostles), സഹദേന്മാർ (Martyrs), മൗദ്യാനന്മാർ (Sufferers), സഭാ പിതാക്കന്മാർ എന്നിവരെ സഭ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പക്ഷേ സഭ അവരെ ആരാധിക്കുന്നില്ല. ആരാധനയ്ക്ക് യോഗ്യൻ ദൈവം മാത്രമാണ്. യേശുക്രിസ്തു അല്ലാതെ പാപത്തിൽ നിന്ന് ഒഴിഞ്ഞവൻ മറ്റാരുമില്ല.

“പരിശുദ്ധന്മാരെ, നിങ്ങൾ പ്രാർത്ഥിപ്പിൻ കർത്താവോടായി‘ എന്ന് നമ്മൾ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ മൂല ഭാഷയായ

സുറിയാനിയിൽ 'ആപ്പീസ് ആമാൻ കാദിശേ' എന്നാണ് പറയുന്നത്. അതിനർത്ഥം 'പരിശുദ്ധന്മാരെ നിങ്ങൾ പ്രാർത്ഥിപ്പിൻ ഞങ്ങളോടൊപ്പം' എന്നാണ്. നമ്മൾ പ്രാർത്ഥിക്കേണ്ട പരിശുദ്ധന്മാർ പ്രാർത്ഥിച്ചു കൊള്ളും എന്ന ചിന്താഗതി തെറ്റാണ്

## യേശു ക്രിസ്തു: ഏക മദ്ധ്യസ്ഥൻ

'ദൈവം ഏകനാകുന്നു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ അതേ, മനുഷ്യപുത്രനായ യേശുമിശിഹാതന്നേ' (1 Timo. 2:5). ഈ വേദവാക്യത്തിന്റെ അടിസ്ഥാനത്തിൽ മദ്ധ്യസ്ഥൻ യേശുക്രിസ്തു മാത്രം ആണെന്നും, സഭനടത്തുന്ന മദ്ധ്യസ്ഥത വേദവിപരീതമാണെന്നും നവീന സഭകൾ പഠിപ്പിക്കുന്നു. യേശു ക്രിസ്തുവിനെ ഏക മദ്ധ്യസ്ഥനായി വി. വേദപുസ്തകം പഠിപ്പിക്കുന്നു. എന്നാൽ ഈ മദ്ധ്യസ്ഥതയും സഭയിലെ പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. പിതാവാം ദൈവത്തിനും പാപം ചെയ്ത മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥനാണ് യേശുക്രിസ്തു. Col. 1:20-22, Rom 5:8-11, Eph 2:14-22. 1 John 2:1 എന്നീ ഭാഗങ്ങളിൽ ഈ ആശയം കാണാം. മനുഷ്യന്റെ പാപം പരിഹരിക്കുന്നതിന് വേണ്ടി യേശുതമ്പുരാൻ കാൽവരിയിൽ ബലിയായി തീർന്നു. പാപംമൂലം ദൈവത്തിനും മനുഷ്യർക്കും ഇടയിലുണ്ടായ വിടവ് മാറിയത് യേശുക്രിസ്തുവിന്റെ കാൽവരിയിലെ മദ്ധ്യസ്ഥത (ബലി) മൂലമാണ്. ഈ മദ്ധ്യസ്ഥത മൂലമാണ് മനുഷ്യകുലത്തിന് രക്ഷ ലഭിച്ചത്. അതുകൊണ്ട് തന്നെ യേശുക്രിസ്തുവിനെ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായും ഏകരക്ഷകനായും വേദപുസ്തകം അവതരിപ്പിക്കുന്നു. ഈ സ്ഥാനം സഭ മറ്റാർക്കും നൽകുന്നില്ല സഭയിലെ വിശുദ്ധന്മാരും ശുദ്ധിമതികളും ഈ നിലയിൽ മദ്ധ്യസ്ഥർ ആണെന്ന് സഭ പഠിപ്പിക്കുന്നില്ല. കർത്താവിനു വേണ്ടി വിശുദ്ധജീവിതം നയിച്ച വിശുദ്ധന്മാർ തങ്ങളുടെ നാഥനും കർത്താവുമായ യേശുക്രിസ്തുവിനോട് നമുക്ക് വേണ്ടി നമ്മോടൊപ്പം നിന്ന് അപേക്ഷിക്കുന്നവരാണ്/മദ്ധ്യസ്ഥ നടത്തുന്നവരാണ്. പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന വഴി മഹത്വപ്പെടുന്ന നാമം പരി. ത്രിത്വത്തിന്റെതാണ്.
'നിന്നെ വരിച്ചോരു താതനും..
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും' ഈ കോലോയിലൂടെ സഭ അട്ടഹസിക്കുന്നതും ഇതു തന്നെയാണ്.

## പരിശുദ്ധി രണ്ട് വിധത്തിൽ

സത്യവിശ്വാസത്തെ വിമർശിക്കുന്നവരുടെ ചോദ്യങ്ങൾക്കു മുമ്പിൽ പലപ്പോഴും നമുക്ക് ഉത്തരം നൽകുവാൻ സാധിക്കാത്തത് പ്രസ്തുത വിഷയത്തെപ്പറ്റി നാം വേണ്ടത്ര രീതിയിൽ മനസ്സിലാക്കാത്തത് കൊണ്ടാണ്. സഭാമക്കളുടെ ഇടയിലും ഉയരുന്ന ഒരു ചോദ്യമാണ് വിശുദ്ധ കുർബ്ബാന

യിൽ "പിതാവും, പുത്രനും, പരിശുദ്ധ റൂഹായുമല്ലാത പരിശുദ്ധൻ ഇല്ല' എന്ന് സഭ ഏറ്റുപറയുന്നു. പിന്നെ എന്തിനാണ് മൺമറഞ്ഞുപോയ പിതാക്കന്മാരെയും സത്യ ഇടയന്മാരെയും ശുദ്ധിമതികളെയും 'പരിശുദ്ധർ' എന്ന് വിളിക്കുന്നത്. അതിനുള്ള ഉത്തരം ഇതാണ്. "പരിശുദ്ധത" രണ്ട് രീതിയിൽ ഉണ്ട്. ഒന്ന് "സ്വയം പരിശുദ്ധത'. ഇത് ദൈവത്തിനു മാത്രമുള്ളതാണ്, അത് മറ്റാർക്കും സഭ നൽകുന്നില്ല. രണ്ടാമത് "ആർജിത പരിശുദ്ധത'. ഇത് വിശ്വാസികൾ തങ്ങളുടെ ജീവിതം വഴിയായി നേടി യെടുക്കുന്നതാണ്. തങ്ങളുടെ ജീവിതം വഴിയായി വിശുദ്ധിയിലേക്ക് കടന്നവരേയും മലയാളത്തിൽ പരിശുദ്ധർ എന്നുവിളിക്കുന്നു. ഇത് ഭാഷയുടെ പരിമിതിയാണ്. ദൈവത്തിന്റെ പരിശുദ്ധത മറ്റാർക്കും ഇല്ല എന്നാണ് സഭ ഈ പ്രഖ്യാപനത്തിലൂടെ ഉറപ്പിച്ചു പറയുന്നത്.

ദൈവത്തിന്റെ പരിശുദ്ധിയും ദൈവം തന്റെ ഭക്തന്മാരിൽ കാണുവാനാഗ്രഹിക്കുന്ന പരിശുദ്ധിയും തമ്മിൽ വ്യത്യാസം ഉണ്ട്.

'ഞാൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ (Lev.19:2) എന്ന് ദൈവം തന്റെ മക്കളോട് ആവശ്യപ്പെടുന്നു. 'നിങ്ങളെ വിളിച്ചവൻ പരിശുദ്ധൻ ആയിരിക്കുന്നതുപോലെ എല്ലാ കാര്യങ്ങളിലും നിങ്ങളും പരിശുദ്ധരായിരിക്കണം' (1 Pet 1:15) എന്ന് പരിശുദ്ധ പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. 'ദൈവം നമ്മെ വിളിച്ചിരിക്കുന്നത് അശുദ്ധിയിലേക്ക് അല്ല വിശുദ്ധിയിലേക്ക് അത്രേ' (1 Thes, 4:7) എന്ന് പരിശുദ്ധ പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നു. വിശുദ്ധി മനുഷ്യർക്കും പ്രാപ്യമാണ് എന്നുള്ളത് ഈ വേദഭാഗങ്ങൾ വ്യക്തമാക്കുന്നു. നാം ഓരോരുത്തരും വിശുദ്ധി പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

## വിശുദ്ധ കുർബ്ബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും

കൂദാശകളുടെ രാജ്ഞിയായ വിശുദ്ധ കുർബ്ബാനയിൽ മദ്ധ്യസ്ഥ പ്രാർത്ഥന അടങ്ങിയിരിക്കുന്നു. സുറിയാനി സഭയിൽ ആരാധന (വി. കുർബ്ബാന) വാങ്ങിപ്പോയിരിക്കുന്ന വിശുദ്ധന്മാരോട് ഒരുമിച്ചാണു നടത്തുന്നത്. വിശുദ്ധ ന്മാരുടെ സംസർഗ്ഗം പൂർത്തീകരിക്കുന്ന രണ്ട് ഘടകങ്ങൾ, അവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും, അവരുടെ മദ്ധ്യസ്ഥതയുമാണ്. അവ രണ്ടും വിശുദ്ധ കുർബ്ബാനയിൽ അന്തർലീനമായിരിക്കുന്നു. വി.കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതുതന്നെ വി. ദൈവമാതാവിൻെറയും വി.യോഹന്നാൻ മംദോനോയുടെയും മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടാണ്. വിശുദ്ധ കുർബ്ബാനയിലെ മൂന്ന് പരമപ്രധാനമായ ഭാഗങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനകളാണ് 1. തൂയോബോ 2. തുബ്ദേൻ (ദിയാ ഫ്ത്തുക്കോ) 3. കുക്കിലിയോൻ. തൂയോബോ ശുശ്രൂഷയിലെ അഹറോന്യ ക്രമത്തിൽ (രണ്ടാം ഭാഗം) വിശുദ്ധ ദൈവമാതാവിന്റെയും,

പരിശുദ്ധന്മാരുടെയും (ഇടവകയുടെ കാവൽ പിതാവ്) മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുന്നു. വിശുദ്ധകുർബ്ബാനയിൽ വിശ്വാസികളുടെ നാമങ്ങൾ അനുസ്മരിക്കുന്ന സമയം കൂടിയാണിത്.

തുബ്ദേൻ പ്രാർത്ഥനകളിൽ ഇപ്രകാരം ജീവിച്ചിരിക്കുന്നവരുടെയും വാങ്ങിപ്പോയവരുടെയും നാമങ്ങൾ ഓർത്ത് മദ്ധ്യസ്ഥത അണയ്ക്കുന്നു. കുക്കിലിയോനുകൾ മദ്ധ്യസ്ഥ പ്രാർത്ഥന ഗാനങ്ങളാണ്. ഇതിനുപുറമെ ഇന്ന് പരി.സഭയിൽ വിശുദ്ധകുർബ്ബാന മദ്ധ്യത്തിൽ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. ഇത് വി. കുർബ്ബാനയുടെ ഭാഗമല്ല, മറിച്ച് പ്രത്യേകമായി നടത്തപ്പെടുന്നതാണ്. വി. കുർബ്ബാനയെക്കാൾ പ്രാധാന്യം സഭ മറ്റൊന്നിനും നൽകുന്നില്ല. അതുകൊണ്ടുതന്നെ വി. കുർബ്ബാനാന്തരീക്ഷത്തിന് ഭംഗം വരാത്ത രീതിയിൽ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതാണ് ഉചിതം. പുരോഹിതരും വിശ്വാസികളും യാഥാർത്ഥ്യത്തെ ഉൾകൊണ്ടുകൊണ്ട് സാന്ദർഭികമായി ഇതു നടത്തുന്നതാണ് അഭികാമ്യം. സഭ വിവക്ഷിക്കുന്നതും ഇതു തന്നെയാണ്.

യാക്കോബ് ശ്ലീഹാ സാക്ഷിക്കുന്നു: "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു' (James 5:16). പരിശുദ്ധന്മാരുടെ പ്രാർത്ഥന ഫലപ്രാപ്തി വരുത്തുന്നു. പരിശുദ്ധന്മാരും ശുദ്ധിമതികളും യേശുക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്ന ചൂണ്ടു പലകകൾ (Sign boards) ആണ്. ചൂണ്ടുപലകകൾക്ക് മുമ്പിൽ നിന്നുപോകാതെ അവർ കാണിച്ചു തന്ന ദിശയിലൂടെ സഞ്ചരിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.



സ്റ്റീഫൻ നെടുവക്കാട്ട് അച്ചൻ

## HOLY QURBANA

**MORNING SERVICE**
**NECK**
On all Fridays from 5:30 am – 8:00 am.
**EVENING SERVICE**
**Armenian Church Salwa**
On 1st and 3rd Monday of Every month 6:30 pm – 8:30 pm
**NECK Hall of Faith on** 2nd & 4th Monday of every month 6.30 pm to 8.30 pm

## SUNDAY SCHOOL

NECK
Sunday School Classes are held every Friday from 8:15 am to 9:30 am at NECK activity building.

MANGAF
Sunday school Classes LKG to 7th Standard are held every Saturday from 5:00 pm to 6:15 pm at Mangaf Prayer Hall.

## M.M.V.S

Regular prayer meeting will be held on third Friday of every month at NECK premises after the Holy Qurbana.
Prayer and Bible study on every 2nd and 4th Tuesdays at Parsonage at 6.30 Pm to 8.00 PM. All are welcome.

## MBYA

The regular Committee meeting will be held on the fourth Friday of each month.

Family Prayer Meeting: Our regular family prayer meetings
will be held on the 2nd and 5th Fridays of each month from 7:00 PM to 8:30 PM. Join us for a time of fellowship, spiritual growth, and communal prayer. All families are welcome.

## HEALTH CARE MISSION

General meetings will be held every first Friday at NECK after the Holy Qurbana.

Vital signs and blood sugar monitoring will be done in the NECK C- Clinic every Friday from 8.15 to 9.30 am.

Regular prayer meetings will be held on the first or third Tuesday at the residence of members.

## CHRISTEENS

Regular meeting will be held on second Friday of every month at NECK premises after the Holy Qurbana.

## CHOIR

Choir practice will be held as usual at Parsonage every Thursday from 5:00 pm to 6:30 pm.

## BIRTHDAY

Vicar and members of the Church wish many happy returns of the blessed occasion to all those having birthdays during this month. Birthday prayers will be offered every Friday along with the Holy Qurbana.

## CONDOLENCES

K. Markose (70) Father in law of our church member Mr. Binu Mattamana (B145) passed away on 10th October 2025

Aleyamma Paulose (71) Mother in law of our church member Mr.Shejesh T Lukose (S192) passed away on 14th October 2025





“യൽദോ മാർ ബസേലിയോസ് ബാവയുടെ
ഓർമ്മ പെരുന്നാൾ.”



Harvest Festival Coupon inauguration







Badminton Tournament Tournament 2025








Church Picnic 2025




Sunday School Students Camp 2025

സെന്റ് ജോർജ് യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ്
റീശ് ചർച്ച് (വലിയ പള്ളി), കുവൈറ്റ്



പുണ്യശ്ലോകനായ ശ്രേഷ്ഠ മോർ ബസേലിയോസ്
തോമസ് പ്രഥമൻ കാതോലിക്ക ബാവായുടെ

# 1-ാമത് ശ്രാദ്ധപ്പെരുന്നാൾ

2025 ഒക്ടോബർ 31 വെള്ളി